ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി. ഒ.
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: lsgd.kerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/34851/2026 തീയതി: 16-10-2026

നോട്ടീസ്

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - അന്തർവകുപ്പ് സ്ഥലം മാറ്റം വഴി മുൻ പഞ്ചായത്ത് വകുപ്പിൽ നിയമിതയായ ശ്രീമതി ധന്യ ദാമോദരനെ ആദ്യ നിയമനത്തിലെ അഡ്വൈസ് തീയതി കണക്കാക്കി ക്ലർക്ക് തസ്തികയിലെ സംസ്ഥാന തല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന:
1. ഇടുക്കി ജില്ലാ ജോയിൻറ് ഡയറക്ടറുടെ 23/07/2026 തീയതിയിലെ LSGD/JD/IDK/2492/2026-A1 നമ്പർ കത്ത്
2. ഇടുക്കി പബ്ലിക്ക് സർവ്വീസ് കമ്മീഷൻറെ 15.11.2019 തീയതിയിലെ IDB(4)3493/16(2) നമ്പർ നിയമന ശുപാർശ.
3. 20.12.2021 തീയതിയിലെ G.O NO.2608/2021 ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
4. 06.03.2013-ലെ GO (P) No 5/2013/P&ARD നമ്പർ സർക്കാർ ഉത്തരവ്.
5. 10.07.2014-ലെ GO (P) No 20/2014/P&ARD നമ്പർ സർക്കാർ ഉത്തരവ്.
6. 14.11.2014 ലെ GO (P) No 38/2014/P&ARD നമ്പർ സർക്കാർ ഉത്തരവ്.
7. 24.09.2024 തീയതിയിലെ ഉപ.സി3/100/2024 P&ARD നമ്പർ സർക്കുലർ.
8. 07/08/2026 തീയതിയിലെ GO(P)No 12/2026/P&ARD നമ്പർ KS&SSR ഭേദഗതി ഉത്തരവ്.
9. 01/01/2019 മുതൽ 30.09.2020 വരെ മുൻ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോറിറ്റിലിസ്റ്റ്

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് എൽ.ഐ.ഡി ആന്റ് ഇ.ഡബ്ല്യു സബ് ഡിവിഷനിൽപ്പെട്ട ആലക്കോട് ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ (മുൻ പഞ്ചായത്ത് വകുപ്പ്) സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ധന്യ ദാമോദരൻ എന്നയാളുടെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുനർ നിശ്ചയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സൂചന (1) പ്രകാരം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ശ്രീമതി.ധന്യ ദാമോദരന് കേരള പി എസ് സി ഇടുക്കി ജില്ലാ ഓഫീസറുടെ 15.11.2019-ലെ IDB(4)3493/16(2) നമ്പർ നിയമന ശുപാർശ പ്രകാരം ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നഗര കാര്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുകയും തുടർന്ന് അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലേക്ക് നിയമനം ലഭിച്ച് 25.01.2022 തീയതിയിൽ മണക്കാട് ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. സൂചന (4) മുതൽ (8) വരെ ഉത്തരവുകൾ പ്രകാരം ശ്രീമതി.ധന്യ ദാമോദരൻറെ ആദ്യ നിയമന ശുപാർശ തീയതിയായ 15.11.2019 കണക്കാക്കി സൂചന (9)

പ്രകാരമുള്ള ക്ലർക്ക് തസ്തികയിലെ സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാണ് ടിയാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

കേരള പി.എസ്സ്.സ്സി-യുടെ നിയമനശുപാർശ ഉത്തരവ് പ്രകാരം ജില്ലാതല ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമനം ലഭിക്കുകയും ബന്ധപ്പെട്ട വകുപ്പിന് തിരഞ്ഞെടുത്ത ജില്ലയിൽ ഓഫീസോ/തസ്തികയോ നിലവിലില്ലാത്ത കേസുകളിൽ 5 വർഷത്തിൽ ഇളവ് നല്കി ബന്ധപ്പെട്ട ജീവനക്കാരന് തെരെഞ്ഞടുക്കപ്പെട്ട ജില്ലയിൽ മറ്റൊരു വകുപ്പിലേക്ക് അന്തർവകുപ്പ് സ്ഥലം മാറ്റത്തിന് അർഹതയുണ്ടെന്ന് 06.03.2013-ലെ GO(P)No5/2013/P&ARD-ലെ ഖണ്ഡിക 3(viii) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള അന്തർ വകുപ്പ് സ്ഥലം മാറ്റത്തിൽ 10.07.2014-ലെ GO(P)No 20/2014/P&ARD നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും, 14.11.2014 ലെ GO(P)No 38/2014/P&ARD നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും, കെ.എസ്.ആന്റ് എസ്.എസ്.ആർ ഭാഗംII ചട്ടം 27സി പ്രകാരം സീനിയോരിറ്റി നിലനിർത്തുന്നതിന് ഉത്തരവായിട്ടുള്ളതും, ആയതിൽ വ്യക്തത വരുത്തി ആദ്യ വകുപ്പിലെ അഡ്വൈസ് തീയതി കണക്കാക്കി സീനിയോരിറ്റി അനുവദിച്ചു നൽകുന്നതിന് 24.09.2024 തീയതിയിലെ ഉപ.സി3/100/2024/പി&എ.ആർ.ഡിനമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും, കൂടാതെ മേൽ ഉത്തരവുകൾക്ക് 07.08.2026 തീയതിയിൽ സൂചന (8) പ്രകാരം കെ.എസ്.ആന്റ്.എസ്.എസ്.ആർ ചട്ടങ്ങളിൽ ഭേദഗതി പുറപ്പെടുവിച്ച് ഭരണഘടനാ പ്രാബല്യം നൽകിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി.ധന്യ ദാമോദരൻ എന്നയാളെ ആദ്യ നിയമന ശുപാർശ തീയതിയായ 15.11.2019 കണക്കാക്കി സൂചന (9) സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 246-അമൃത.എസ് എന്നയാളുടേയും ക്രമ നമ്പർ 247-മാർട്ടിൻ കുരുവിള എന്നയാളുടേയും ഇടയിൽ 246A ആയി താത്ക്കാലികമായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താത്കാലിക തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ തങ്ങളുടെ ആക്ഷേപം ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ഉചിത മാർഗ്ഗേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപം ലഭ്യമാക്കാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
SHAJIKUMAR S O
Date: 16-10-2026
13:34:22

S O Shajikumar
ASSISTANT DIRECTOR

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും.
2. അസിസ്റ്റൻറ്എക്സ്സിക്യൂട്ടീവ്എൻജിനിയർ,LID&EW സബ് ഡിവിഷൻ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് (ജോയിൻറ് ഡയറക്ടർ മുഖേന).
3. വ്യക്തിക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
4. സിസ്റ്റം സൂപ്പർ വൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.